LIBRARY ARCHIVES Kerala Legislative Assembly

മുതലമട ഗ്രാമപഞ്ചായത്തിലെ കടിവെള്ള ക്ഷാമം

157 (849) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നത്തിന് ചുള്ളിയാർ ഡാം ജലസ്രോതസ്സാക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചുള്ളിയാർ ഡാം ജലസ്രോതസ്സായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ചുള്ളിയാർ ഡാം സ്രോതസ്സാക്കി മുതലമട, കൊല്ലംകോട്, എലവഞ്ചേരി, വടവന്നൂർ, പല്ലശന എന്നീ പഞ്ചായത്തുകൾക്കായി നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിനായുള്ള പദ്ധതി രൂപകല്പന ചെയ്തുവരുന്നു.

(സി) ടി പദ്ധതിയുടെ സർവ്വേ നടത്താനും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാനും നടപടി സ്വീകരിച്ചുവരുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജോലികൾ

158 (850) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എന്തെല്ലാം ജോലികളാണ് വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഇതിൽ ഏതൊക്കെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) മൈനർ ഇറിഗേഷന്റേയും, മേജർ ഇറിഗേഷന്റേയും ചുമതലയിലുള്ള ജോലികളുടെ കാലാവധിയും കട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിയതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

(സി) കട്ടനാട് പാക്കേജിനുകീഴിൽ ഇനി ഏതെങ്കിലും പദ്ധതി തുടങ്ങുവാനായി അവശേഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട വൈക്കം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഒന്നും മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) വൈക്കം നിയോജകമണ്ഡലത്തിനു കീഴിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ 7 പാടശേഖരങ്ങൾ, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 13 പാടശേഖരങ്ങൾ, തലയാഴം ഗ്രാമപഞ്ചായത്തിൽ 19 പാടശേഖരങ്ങൾ എന്നീ ജോലികളുടെ എസ്റ്റിമേറ്റ് സി.ഡബ്ല്യു.സി.-യുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

കണ്ടം, മീനാട് ശുദ്ധജല പദ്ധതികൾക്ക് ജലസംഭരണം

159 (851) ശ്രീ.കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കല്ലടയാറ്റിൽ പുനലൂർ ഭാഗത്തെ ജലനിരപ്പ് ക്രമീകരിക്കുന്ന ആറ്റാണ്ടുകൾ പഴക്കമുള്ള പേപ്പർ മിൽ തടയണയുടെ അടിക്കല്ലുകൾ ഇളക്കി ചോർച്ച വർദ്ധിക്കുന്ന സാഹചര്യത്തിൽ ചോർച്ച തടഞ്ഞ് സ്ഥായിയായി ഉയരം കൂട്ടി നിർമ്മിച്ച് ജില്ലയിലെ വിവിധ ശുദ്ധജല പദ്ധതികൾക്ക് (കണ്ടം, മീനാട്) ആവശ്യമായ ജലം സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഇതിനായി നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

ആലപ്പുഴ നഗര കനാലുകളുടെ സംരക്ഷണം

160 (852) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ പല സ്ഥലങ്ങളിലും മൂടപ്പെട്ടും ഇടുങ്ങിയ നിലയിലും കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly